# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം :- ആ.വ.ഡ-ജീവനക്കാര്യം -സ്പെഷ്യാലിറ്റി കേഡർ - ഡോ . പോൾ ജോർജ് , ജൂനിയർ കൺസൾട്ടന്റ് (റേഡിയോ തെറാപ്പി)-നിയമന ഉത്തരവിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന :-1. ഉത്തരവ് നം . ഇ എ 1 –33740(2)/2017/ആ.വ.ഡ തീയതി 16.12.2017
2. ഉത്തരവ് നം . ഇ എ 1 –66138/2020/ആ.വ.ഡ തീയതി 16.11.2021
3. കത്ത് നം . എ 1 – 15606/2021/ ജില്ലാ മെഡിക്കൽ ഓഫീസ് വയനാട് തീയതി 11.01.2022

**ഉത്തരവ് നം. ഇ.എ 1 –6392/2022/ആ.വ.ഡ തീയതി 10.10.2022**

ആരോഗ്യവകുപ്പിൽ റേഡിയോതെറാപ്പി/ റേഡിയോ ഡയഗ്നോസിസ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. പോൾ ജോർജ്, അന്യത്ര സേവനത്തിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 01.11.2021 മുതൽ 18.11.2021 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ട പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു .

ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ ആയി സേവനത്തിലിരിക്കെ കൊച്ചിൻ കാൻസർ സെന്ററിൽ അന്യത്ര സേവനത്തിൽ പ്രവേശിച്ച ഡോ. പോൾ ജോർജ് ന് പരാമർശം (1) പ്രകാരം റേഡിയോതെറാപ്പി / റേഡിയോ ഡയഗ്നോസിസ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്കു പ്ലേസ്മെൻറ് നൽകി അന്യത്ര സേവനത്തിൽ തുടരാൻ അനുവദിക്കുകയും അന്യത്ര സേവനകാലാവധി 31.10.2021 ന അവസാനിച്ച ശേഷം ആരോഗ്യ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി 01.11.2021 ന അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഡോ. പോൾ ജോർജ് ന് പരാമർശം (2 ) പ്രകാരം 16.11.2021 ന നിയമന ഉത്തരവ് നൽകുകയും പ്രസ്തുത ഉത്തരവ് പ്രകാരം ടിയാൻ 19.11.2021 പൂർവാഹ്നത്തിൽ വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ നിലവിൽ വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ റേഡിയോതെറാപ്പി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ . പോൾ ജോർജ്, അന്യത്ര സേവനത്തിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 01.11.2021 മുതൽ 18.11.2021 വരെയുള്ള കാലയളവ് കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം 1, ചട്ടം 12 (7 ) ലെ കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. പ്രീത പി പി
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ഡോ . പോൾ ജോർജ്, ജൂനിയർ കൺസൾട്ടന്റ് (റേഡിയോ തെറാപ്പി),ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്

പകർപ്പ്:-

1 അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
2 ജില്ലാ മെഡിക്കൽ ആഫീസർ, വയനാട്
3 സൂപ്രണ്ട് , താലൂക് ആശുപത്രി, ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്
4 ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

**സൂപ്രണ്ട്**